കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് -പാലക്കാട് നഗരസഭ - ടി.ബി.റോഡ്-മാർക്കറ്റ് റോഡ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട അവാർഡ്തുക അടയ്ക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധ)നം.842/2013/തസ്വഭവ തീയതി, തിരുവനന്തപുരം.27.03.2013

---

പരാമർശം: 1) പാലക്കാട് നഗരസഭാ കൌൺസിലിന്റെ 22.02.2013 ലെ 747 നമ്പർ തീരുമാനം.

2) പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ 12.03.2013 ലെ പി1.1153/93/ പി.ഡി.എ/പി.ഡബ്ല്യു.6 നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് നഗരസഭാ പരിധിയിലുള്ള ടി.ബി.റോഡ്-മാർക്കറ്റ് റോഡ് നിർമ്മാണത്തിന് സ്ഥലമെടുത്തതുമായി ബന്ധപ്പെട്ട് LAA-.357/11 നമ്പർ കേസിന്റെ മൊത്തം വിധിതുകയായ86.19,896/-രൂപയിൽ 43,09,948/-രൂപ കെട്ടിവച്ചതിന്റെ ബാക്കി നല്കുവാനുള്ള അവാർഡ് തുകയായ 43,09,948/-രൂപ. 2012-13 സാമ്പത്തിക വർഷത്തെ നടപ്പിലാക്കാൻ കഴിയാത്ത പ്രോജക്ടുകൾ റദ്ദ് ചെയ്ത് ആയതിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും അടയ്ക്കുന്നതിനുള്ള പ്രത്യേക അനുമതി നല്കണമെന്ന് പാലക്കാട് മുനിസിപ്പാലിററി കൌൺസിൽ പരാമർശം (1) പ്രകാരം തീരുമാനിച്ച് പാലക്കാട് മുനിസിപ്പാലിററി സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ സ്ഥലമെടുത്തതിലെ ബാക്കി അവാർഡ് തുക നല്കാൻ നഗരസഭ പശ്ചാത്തല മേഖലയിൽ ലഭ്യമായ തുക കോടതിയിൽ കെട്ടിവയ്ക്കാൻ പാലക്കാട് നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ.ആർ.സുരേശൻ

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ

ജില്ലാ കളക്ടർ പാലക്കാട്

സെക്രട്ടറി, പാലക്കാട് മുൻസിപ്പാലിറ്റി

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

സീനിയർ ഡെപ്യൂട്ടി അക്കൌണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൌണ്ട്സ്, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.